# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/41

തിരുവനന്തപുരം
12.07.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ ഉടൻ പുറത്തിറക്കുന്നത് സംബന്ധിച്ച്.

സൂചന: 1. Central Electricity Authority Regulation 2023 നോട്ടിഫിക്കേഷൻ തീയതി 8.6.2023

2. കോടതീയലക്ഷ്യ കേസ് സംബന്ധിച്ച് 10.7.2023 ൽ ബഹു.സുപ്രീം കോടതിയിൽ ലിസ്റ്റ് ചെയ്തിരുന്നതും, മാറ്റി വച്ചതുമായ കേസ് നമ്പർ: CONMPT.PET(C)No.583/2022 in CA No.1502/2022.

ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാനിലേയ്ക്കുള്ള പ്രമോഷനും ലൈൻമാൻ II ൽ നിന്നും ലൈൻമാൻ I ലേക്കുള്ള പ്രമോഷനും ബഹു.സുപ്രീം കോടതി മുമ്പാകെയുള്ള കോടതീയലക്ഷ്യ കേസിന്റെ പേരിൽ തടസ്സപ്പെട്ടിരിക്കുകയാണ്. ഈ കോടതീയലക്ഷ്യ ഹർജി സുപ്രീം കോടതിയിൽ വന്നിട്ട് ഒരു വർഷത്തോളം ആകുന്നു. ഇക്കാര്യത്തിൽ ബോർഡ് ഉത്സാഹം കാണിക്കാത്തതുകൊണ്ടാണ് പ്രമോഷൻ നീളുന്നത്. Central Electricity Authority റെഗുലേഷനാണ് ഇതിന് കാരണമായി പറഞ്ഞിരുന്നതെങ്കിലും Central Electricity Authority റെഗുലേഷൻ 2023 പുറത്ത് ഇറങ്ങിയിരിക്കുകയാണ്. അതിലെ റെഗുലേഷൻ 6,7 അനുസരിച്ച് നിലവിലുള്ള ജീവനക്കാരെ റെഗുലേഷനിൽ നോട്ടിഫിക്കേഷൻ തീയതിയായ 8.6.2023 വച്ച് സംരക്ഷിക്കപ്പെട്ടിരിക്കുകയാണ്. നിലവിലുള്ള ജീവനക്കാർക്ക് ഒരു ട്രെയിനംഗ് നൽകുന്നതോടെ ഈ പ്രശ്നം തീരുകയും ചെയ്യുന്നു.

ഈ വിവരങ്ങൾ സുപ്രീം കോടതിയെ ധരിപ്പിക്കാൻ ഉത്തരവാദപ്പെട്ട ബോർഡ് അധികാരികൾ ഒന്നും ചെയ്തിട്ടില്ലായെന്ന് ഞങ്ങൾ മനസിലാക്കുന്നു. കോടതീയലക്ഷ്യ കേസുമായി ബന്ധപ്പെട്ട

വിഷയം ജൂലായ് 10-ാം തീയതി സുപ്രീം കോടതിയിൽ വന്നിരുന്നുവെങ്കിലും Rejoinder അപേക്ഷയുടെ പേരിൽ വീണ്ടും മാറ്റിവച്ചിരിക്കുകയാണ്. Central Electricity Authority Regulation 2023 അനുസരിച്ച് നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കപ്പെട്ടിരിക്കുകയാണെന്നും റെഗുലേഷൻ അനുസരിച്ചുള്ള ഒരു വിഷയത്തിൽ ഇപ്പോൾ പ്രസക്തിയില്ലയെന്നും അത് കാലഹരണപ്പെട്ടതാണെന്നും ആ വിഷയം തീർന്നതാണെന്നും അതിനാൽ പ്രമോഷൻ നടക്കേണ്ടതിന്റെ ആവശ്യകത സുപ്രീം കോടതിയെ ബോധ്യപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഞങ്ങൾ മുമ്പേ സമർപ്പിച്ചിട്ടുള്ളതാണ്. നിലവിൽ ബഹു.സുപ്രീം കോടതിയിൽ KSEB നൽകിയിട്ടുള്ള മറുപടിയുടെ പകർപ്പ്. CEA റെഗുലേഷൻ വിഷയത്തിൽ ബോർഡിനൊപ്പം കേസിൽ ചേർന്ന കക്ഷിയെന്ന നിലയ്ക്ക് സംഘടനയ്ക്ക് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |

Copy to:

1. The Director Distribution, KSEB Ltd, Vaidyuthi Bhavan, Pattom
2. The Chief Engineer (HRM), KSEB Ltd, Vaidyuthi Bhavan, Pattom
3. The Law Officer, KSEB Ltd, Vaidyuthi Bhavan, Pattom